**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5329** **01.07.2014**- ൽ മറുപടിക്ക്

## വനിതാ പട്ടികജാതി-പട്ടികവർഗ്ഗ-ഗോത്രവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :**<br>**ശ്രീ. ജോസഫ് വാഴക്കൻ :**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. വി.ഡി. സതീശൻ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തെ വനിതാ പട്ടികജാതി-പട്ടികവർഗ്ഗ-ഗോത്ര വർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർക്കാരിന്റെ 14.11.2012–ലെ സ.ഉ.(സാധാ.) 642/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.<br>ദുർബല വനിതാ സംഘങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 10 ലക്ഷം രൂപ സർക്കാർ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള പദ്ധതി പുതുതായി ആരംഭിച്ചിട്ടുണ്ട്. 3 വർഷം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ 40% സബ്സിഡി, 20% ഓഹരി, 20% ലോൺ എന്നീ ഇനങ്ങളിലും ബാക്കി 20% സംഘം കണ്ടെത്തേണ്ടതുമാണ്.<br>പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ഐ.സി.എം തിരുവനന്തപുരം നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

| | |
|---|---|
| സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഐ.സി.എം.തിരുവനന്തപുരം (എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ പഠനം) ഐ.സി. എം. കണ്ണൂർ (വനിതാ സഹകരണ സംഘങ്ങളുടെ പഠനം) |
| ഡി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ; | (ഡി) വനിതാ സഹകരണസംഘങ്ങളുടെ പഠന കമ്മിറ്റി ചോദ്യാവലി തയ്യാറാക്കി പഠനം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പഠന കമ്മിറ്റി 28.2.2013, 12.6.2013 എന്നീ തീയതികളിൽ ചേർന്ന് കൈക്കൊണ്ട തീരുമാനങ്ങൾ ഐ.സി.എം. ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.<br>എസ്.സി./എസ്.റ്റി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 2013–2014 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നത് 400 ലക്ഷം രൂപയാണ്. റിവൈവൽ സ്കീം പ്രകാരം 47 സംഘങ്ങൾക്ക് 1,38,73,000/- രൂപയും സർക്കാർ ഓഹരി മൂലധനമായി 15 സംഘങ്ങൾക്ക് 19,51,000/- രൂപയും മാനേജീരിയൽ സബ്സിഡിയായി 129 സംഘങ്ങൾക്ക് 76,11,000/- രൂപയും കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 48 സംഘങ്ങൾക്ക് 1,40,65,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 2013-2014 വാർഷിക പദ്ധതിയിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് 25 ലക്ഷം രൂപയുടെ ധനസഹായവും അനുവദി ച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ഫണ്ട് മാനേജരായിട്ടുള്ള റിവോൾവിംഗ് ഫണ്ടിൽ നിന്നും സെൻട്രൽ കമ്മിറ്റി തീരുമാനപ്രകാരം പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ 5 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി 18,50,400/- രൂപ 2013-2014 വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 2014-2015 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**